**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 713  04/03/2020 -ൽ മറുപടിക്ക്**

**അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ ക്ഷേമനിധി / ക്ഷേമപെൻഷൻ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.സി.കെ.ശശീന്ദ്രൻ** | **ശ്രീ.എ.കെ.ബാലൻ (ബഹു.പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** |

| | | |
|---|---|---|
| (എ) | കേരളത്തിലെ അഡ്വക്കേറ്റ് ക്ലാർക്ക്മാരുടെ ക്ഷേമനിധി തുക 4 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് സർക്കാർ തയ്യാറാക്കിയിട്ടുള്ള കരട് ബില്ലിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ ; | കേരളത്തിലെ അഡ്വക്കേറ്റ് ക്ലാർക്ക്മാരുടെ ക്ഷേമനിധി തുക 4 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഒരു ബിൽ നിലവിലില്ല. എന്നാൽ, അഡ്വക്കേറ്റ് ക്ലാർക്ക്മാരുടെ പെൻഷനും വിരമിക്കലാനുകൂല്യവും വർദ്ധിപ്പിക്കുന്നതിന് സാമ്പത്തിക സ്രോതസ്സിന് വേണ്ടി ക്ഷേമനിധിയിൽ ഓരോ അംഗവും അടയ്ക്കേണ്ട വാർഷിക വരിസംഖ്യയും,കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി സ്റ്റാമ്പിന്റെ മൂല്യവും വർദ്ധിപ്പിക്കുന്നതിനായി 14-ാം കേരള നിയമസഭയിൽ 237 -ാം നമ്പരായി ഒരു ബിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. |
| (ബി) | അഡ്വക്കേറ്റ് ക്ലാർക്ക്മാരുടെ നിലവിലെ പെൻഷൻ 600 രൂപ മാത്രമാണ്. ക്ഷേമപെൻഷനുകൾ എല്ലാം 1300 രൂപയായി സർക്കാർ ഉയർത്തിയിട്ടുള്ള സാഹചര്യത്തിൽ ഇവരുടെ പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ ? | അഡ്വക്കേറ്റ് ക്ലാർക്ക്മാർക്ക് നൽകിവരുന്ന നിലവിലെ പരമാവധി പെൻഷൻ 600 രൂപയാണ്. പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ